# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>കേരള പോലീസ് ആക്ട് - 2011</u>

4948

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ട് - 2011 നടപ്പിൽവന്നിട്ടുണ്ടോ; ടി നിയമം നടപ്പിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത നിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത നിയമത്തിലെ 101-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷണ നടപടികൾ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഉപവകുപ്പിൻ കീഴിൽ ആർക്കെല്ലാം എതിരെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിയമം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പ്രയോഗിച്ചിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ</u>

4949 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് നാളിതുവരെ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് ജില്ല തിരിച്ച് കണക്ക് വിശദമാക്കുമോ;

(ബി) ഇതിൽ സ്ത്രീപീഡനം, ഹരിജൻ ആദിവാസി പീഡനം, ബാലപീഡനം, സർക്കാർ ഉദ്യോഗസ്ഥർക്കെതിരായ അക്രമം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, കുടുംബ പ്രശ്നങ്ങൾ, എന്നീ വിഭാഗങ്ങളിലായി ഓരോ വിഭാഗത്തിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>പോലീസിൽ ഏകീകൃത റിക്രൂട്ട്മെന്റ് സംവിധാനം</u>

4950 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ഏകീകൃത റിക്രൂട്ട്മെന്റ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ലോക്കൽ പോലീസ് ആംഡ് റിസർവ്വ് സംയോജനം</u>

4951 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജി. ഒ. നമ്പർ (പി) 268/2010/ആഭ്യന്തരം തീയതി10.12 .2012 പ്രകാരം ലോക്കൽ പോലീസ്, ആംഡ് റിസർവ്വ് സംയോജനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കോൺസ്റ്റബിൾ മുതൽ സബ്ഇൻസ്പെക്ടർ വരെ ഇന്റഗ്രേഷൻ പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടോ?

**കേരള നിയമസഭ**
**01.07.2013-ലെ മറുപടിക്ക്**

<u>സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ</u>

4952 ശ്രീ. ജി. സുധാകരൻ
,, കെ. വി. അബ്ദുൾ ഖാദർ
,, റ്റി. വി. രാജേഷ്
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) അന്വേഷണ ഏജൻസികൾക്ക് രാഷ്ട്രീയ യജമാനൻമാരിൽനിന്ന് നിർദ്ദേശം സ്വീകരിക്കേണ്ടിവരുന്നുവെന്ന് സുപ്രീം കോടതി ആക്ഷേപിച്ചതായ സാഹചര്യം ഉണ്ടായ സ്ഥിതിക്ക് സ്വതന്ത്രമായ ഒരു അന്വേഷണ വിഭാഗത്തിന് രൂപം നൽകുന്നുണ്ടോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പാതയോര പൊതുയോഗ നിരോധന നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ</u>

4953

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ പാതയോര പൊതുയോഗ നിരോധന നിയമമനുസരിച്ച് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലേയും കേസ്സുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(സി) ഈ നിയമനുസരിച്ച് ഇതേ കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ കേസ്സെടുത്ത സംഭവങ്ങളേതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിയമമനുസരിച്ച് ഈ കാലയളവിൽ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ പ്രതിയാക്കപ്പെട്ട രാഷ്ട്രീയ നേതാക്കളാരെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

കാട്ടാക്കട താലൂക്ക് രൂപവത്ക്കരിച്ചതുമായി ബന്ധപ്പെട്ട് നൽകിയ സ്വീകരണം

4954 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ മാസം രണ്ടാം തീയതി കാട്ടാക്കട താലൂക്ക് രൂപവത്ക്കരിച്ചതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. കൂടിയായ ഡെപ്യൂട്ടി സ്പീക്കർ എൻ. ശക്തന് മാറനെല്ലൂർ ജംഗ്ഷനിൽ നൽകിയ സ്വീകരണത്തിൽ ആഭ്യന്തര വകുപ്പ് മന്ത്രി പങ്കെടുത്തിരുന്നോ ;

(ബി) ഈ സ്വീകരണത്തിൽ സംസ്ഥാനത്തെ മറ്റ് മന്ത്രിമാർ പങ്കെടുത്തിരുന്നോ ; എങ്കിൽ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) റോഡ് വക്കിൽ സ്റ്റേജ് കെട്ടി മണിക്കൂറുകളോളം ഗതാഗതം തടസ്സപ്പെടുത്തി ജനങ്ങളെ ദുരിതത്തിലാക്കിയ ഈ സംഭവത്തിൽ പോലീസ് കേസ്സെടുത്തിട്ടുണ്ടോ ;

(ഡി) ഈ പരിപാടിയിർ പങ്കെടുത്ത മന്ത്രിമാരുൾപ്പെടെയുള്ളവർക്കെതിരെ പാതയോര പൊതുയോഗ നിരോധന നിയമമനുസരിച്ച് കേസ്സെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഇ) കേസ്സെടുത്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സ്ത്രീകളുമായി ബന്ധപ്പെട്ട കേസ്സ് അന്വേഷിക്കുന്നതിന് പുതിയ സംവിധാനങ്ങൾ</u>

4955 ശ്രീ. സി. ദിവാകരൻ
'' ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
'' ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ റിസപ്ഷൻ കൗണ്ടറിന്റെയും, സീനിയർ സിറ്റിസൺ സെല്ലിന്റെയും ചുമതല വനിതാ പോലീസിനെ ഏല്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ സംവിധാനം ഏർപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ട കേസ്സ് അന്വേഷിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഈ സംവിധാനം പോലീസിന്റെ ഏതു തലം വരെയാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ</u>

4956 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ലും 2013 മേയ് 31 വരെയും സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; കേസ്സുകളുടെ ജില്ലകൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ട്രെയിനിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ</u>

4957 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ട്രെയിനിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്ത്രീയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങളുടെ കാര്യത്തിലെ ദേശീയ ശരാശരിയിൽ കേരളത്തിന്റെ സ്ഥാനം</u>

4958 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ദേശീയ ശരാശരിയിൽ സംസ്ഥാനം ഒന്നാം സ്ഥാനത്തെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർക്കാരിന്റെ ഭരണനേട്ടമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെടെയുള്ള ഭരണകേന്ദ്രങ്ങൾ കുറ്റവാളികളെ സംരക്ഷിക്കുന്ന സാഹചര്യത്തിലാണ് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതി വിശേഷം മാറ്റുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് നടപടി</u>

4959

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണെന്ന് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട 2012 ലെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ഭവന ഭേദന മോഷണ കേസ്സുകൾ

4960

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2013 മേയ് 31 വരെ സംസ്ഥാനത്ത് എത്ര ഭവനഭേദന മോഷണ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(ബി) തിരുവനന്തപുരം നഗര പരിധിക്കുള്ളിൽ 2012 ജനുവരി മുതൽ 2013 മേയ് 31 വരെ എത്ര മോഷണകേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ജനമൈത്രി പോലീസ് സംവിധാനം

4961 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം എത്ര പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചിട്ടുണ്ടെന്നും ഈ സംവിധാനത്തിനുവേണ്ടി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ :

(ബി) ജനമൈത്രി പോലീസ് സംവിധാനത്തിനുവേണ്ടി അനുവദിച്ച എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജനമൈത്രി പൊലീസ് സ്റ്റേഷനുകൾ</u>

4962 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പൊലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി പൊലീസ് സ്റ്റേഷനുകളിൽ പ്രത്യേക സ്ഥലമോ, കെട്ടിടമോ അനുവദിച്ചിട്ടുണ്ടോ;

(സി) ആലത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വനിതാ ഹെൽപ്‌ലൈൻ, പ്രത്യേക ട്രാഫിക് യൂണിറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിക്കാൻ നടപടി</u>

4963 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ഇല്ലാത്ത സ്കൂളുകൾക്ക് അപേക്ഷ നൽകിയാൽ ടി യൂണിറ്റ് അനുവദിച്ചു നൽകുമോ;

(ബി) പാലക്കാട് പത്തിരിപ്പാല സ്കൂളിന് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സി.ബി.ഐ അന്വേഷണത്തിന് തീരുമാനിച്ച കേസുകൾ</u>

4964 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സി.ബി.ഐ അന്വേഷണത്തിന് തീരുമാനമെടുത്ത കേസുകളേതെല്ലാം എന്നും അവയിൽ സി.ബി.ഐ അന്വേഷണത്തിന് വിജ്ഞാപനമിറക്കിയ കേസുകളേതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ വിജ്ഞാപനം പേഴ്സണൽ മന്ത്രാലയത്തിനയച്ചത് ഏതെല്ലാം കേസുകളിൽ എന്നും സി.ബി.ഐയ്ക്ക് നേരിട്ടയച്ചത് ഏതെല്ലാം കേസുകളിൽ എന്നും വ്യക്തമാക്കാമോ;

(സി) സി.ബി.ഐ അന്വേഷണം ഏറ്റെടുത്ത കേസുകളേതെല്ലാം എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ഫോൺ ചോർത്തലുകളുമായി ബന്ധപ്പെട്ട പരാതികൾ

4965 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഫോൺ ചോർത്തലുകളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽമേൽ സ്വീകരിച്ചിട്ടുളള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അനധികൃത പടക്കനിർമ്മാണ ശാലകൾ</u>

4966 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സ്പ്ലോസീവ് ലൈസൻസോടുകൂടി സംസ്ഥാനത്ത് എത്ര അംഗീകൃത പടക്കശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;ഓരോ ജില്ലയിലേയും എണ്ണം വെളിപ്പെടുത്തുമോ;

(ബി) അനധികൃത പടക്കനിർമ്മാണശാലകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപന നടത്തുന്ന സ്ഥലങ്ങൾ, ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ മറവിൽ അനധികൃത പടക്കനിർമ്മാണം നടക്കുന്നുണ്ടോ; ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) പടക്ക നിർമ്മാണ കേന്ദ്രങ്ങളിൽ പരിശോധന നടത്തണമെന്ന ഡിജി.പി. യുടെ നിർദ്ദേശത്തെ തുടർന്ന് രൂപീകരിച്ച പ്രത്യേക സ്ക്വാഡ് പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പോലീസ് കോംബിംഗ് ഓപ്പറേഷനുകൾ</u>

4967 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, കെ. എൻ.എ.ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികളെ കുടുക്കാനുള്ള പോലീസ് കോംബിംഗ് ഓപ്പറേഷനുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വർഷം ഇതേവരെ എത്ര കോംബിംഗ് ഓപ്പറേഷനുകൾ നടത്തിയിട്ടുണ്ട്; എവിടെയെല്ലാമെന്നും ഓരോന്നിലും പിടിയിലായ കുറ്റവാളികളുടെ വിവരവുമുൾപ്പെടെയുള്ള വിശദവിവരം നൽകാമോ;

(സി) ഓരോ കോംബിംഗ് ഓപ്പറേഷനിലും മദ്യപിച്ച് വാഹനമോടിക്കുന്ന നിരവധി പേർ കുടുങ്ങുന്ന സാഹചര്യം ഗൗരവപൂർവ്വം വീക്ഷിക്കാനും, അത്തരം അപകടകരമായ പ്രവണത അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കാനും തയ്യാറാവുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പോലീസ് വാഹനങ്ങളിൽ ജി. പി. എസ് സംവിധാനം</u>

4968 ശ്രീ. ജോസഫ് വാഴക്കൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ബെന്നി ബെഹനാൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് വാഹനങ്ങളിലും ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി. പി. എസ്) ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കാലഹരണപ്പെട്ട ലാബ് ടെസ്റ്റ് സമ്പ്രദായങ്ങൾ</u>

T-4969 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട പരിശോധനാ സമ്പ്രദായങ്ങളും ലാബ്ടെസ്റ്റുകളും സൗകര്യങ്ങളുമാണ് ഫോറൻസിക് മെഡിസിനും പരിശോധനകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഗൗരവമേറിയ കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും അടക്കം പലതും തെളിയിക്കുന്നതിനോ സമയബന്ധിതമായി കുറ്റവാളികളെ പിടികൂടുന്നതിനോ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫോറൻസിക് മെഡിസിൻ മേഖലയിലെ പഠനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തണമെന്ന നിർദ്ദേശങ്ങൾ പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ഡി) സൗകര്യങ്ങളുടെ പോരായ്മകൾ മൂലം പരിശോധനകൾ താമസിക്കുന്നത് കുറ്റവാളികൾക്ക് രക്ഷപ്പെടാൻ അവസരം ഒരുക്കുന്നുവെന്ന ആരോപണം സംബന്ധിച്ച് വിശദീകരണം നൽകാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കെമിക്കല്‍ എക്സാമിനേഴ്സ് ലാബിലെ പരിശോധന</u>

4970 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 വര്‍ഷത്തില്‍ കെമിക്കല്‍ എക്സാമിനേഴ്സ് ലാബില്‍ എത്ര കേസുകളില്‍പെട്ട സാംപിളുകള്‍ പരിശോധനക്കെത്തിയിരുന്നു;

(ബി) അതില്‍ എത്ര കേസുകള്‍ പരിശോധിച്ചു; എത്ര കേസുകളില്‍ റിപ്പോര്‍ട്ട് ആയിട്ടുണ്ട്;

(സി) എത്ര കേസുകള്‍ പെന്റിംഗ് ഉണ്ട്;

(ഡി) പെന്റിംഗ് തീര്‍ക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ഗുണ്ടാ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

4971 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
,, സി. കൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളുടെയും കവർച്ചക്കാരുടെയും ആക്രമണങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ നിയന്ത്രിക്കാനും ക്രമസമാധാന പാലനം ഉറപ്പാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഗുണ്ടാസംഘങ്ങളുടെ കവർച്ചയും പിടിച്ചുപറിയും സ്ത്രീ പീഡനവും പെരുകാനിടയായ സാഹചര്യം പരിശോധിച്ചി
ട്ടുണ്ടോ;

(സി) ഇത്തരം ക്രിമിനലുകളെ നിയന്ത്രിക്കാൻ പോലീസ് ഫോഴ്സിനെ വിനിയോഗിക്കാൻ തയ്യാറാകുമോ;

(ഡി) ജനവിരുദ്ധ നയങ്ങൾക്കും നടപടികൾക്കുമെതിരെ ഉണ്ടാകുന്ന പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ പോലീസ് കാണിച്ചുവരുന്നതായി പറയപ്പെടുന്ന ശുഷ്കാന്തി ക്രിമിനലുകളെ നിയന്ത്രിക്കുന്നതിലും കാണിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

കള്ളനോട്ടു മാഫിയക്കെതിരെ നടപടി

4972

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളനോട്ടു മാഫിയ വൻതോതിൽ കറൻസികൾ അച്ചടിച്ച് സംസ്ഥാനത്തിന് അകത്തും പുറത്തും വിതരണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് തടയുവാൻ ശക്തമായ റെയ്ഡും മറ്റ് നടപടിയും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വിഷയത്തിൽ പ്രത്യേക പരിശീലനം നേടിയ പോലീസ് സേനാവിഭാഗമുണ്ടോ;

(ഡി) സാമ്പത്തിക രംഗത്ത് കള്ളനോട്ടു വ്യവസായത്തിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ അഞ്ചുവർഷക്കാലങ്ങളിൽ എത്ര കള്ളനോട്ടു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എഫ്) പ്രതികൾ ശിക്ഷിക്കപ്പെട്ട സംഭവങ്ങൾ എത്രയാണ് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മണൽക്കടത്തുകാർക്കെതിരെ നടപടി</u>

4973 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത കടവുകളിൽ നിന്നും മണലെടുപ്പ് നടത്തി പിടികൂടിയാൽ ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കുറ്റം ചുമത്തുന്നത്; വിശദാംശം നൽകുമോ;

(ബി) വാഹനങ്ങൾ പിടികൂടുന്നതിനോടൊപ്പം മണൽക്കടത്തുകാർക്കെതിരെ ക്രിമിനൽ കുറ്റം ചുമത്തി നടപടി എടുക്കുവാൻ നിലവിലുള്ള നിയമം അനുശാസിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ചട്ടത്തിൽ അതിനനുസൃതമായ ഭേദഗതി വരുത്തുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഇൻഫർമേഷൻ സെക്യൂരിറ്റിക്ക് സൈബർ നിയമങ്ങൾ</u>

4974 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ ഉപയോക്താക്കളുടെ സ്വകാര്യതയിലേയ്ക്കുള്ള കടന്നുകയറ്റം ഉയർത്തുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സ്വകാര്യതയിലേയ്ക്ക് കടന്നുകയറാൻ ബ്ലോഗ്, സോഷ്യൽ നെറ്റ്വർക്ക്, ഫോട്ടോ & വീഡിയോ ഷെയറിംഗ് സൈറ്റുകൾ എന്നിവ ഒരുപരിധിവരെ ക്രിമിനലുകളെ സഹായിക്കുന്നതായി സർക്കാർ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇൻഫർമേഷൻ സെക്യൂരിറ്റിക്ക് കർശനമായ സൈബർ നിയമങ്ങൾ കൊണ്ടുവരുമോ;

(ഡി) വ്യക്തികളും സ്വകാര്യ/ഗവൺമെന്റ് സ്ഥാപനങ്ങളും അവരവരുടെ ഡിജിറ്റൽ വിവരങ്ങളുടെ സ്വകാര്യത സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശരിയായ അവബോധവും മാർഗ്ഗനിർദ്ദേശവും നൽകുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സൈബർ തട്ടിപ്പുകൾ തടയുന്നതിന് നടപടി</u>

4975 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായ തട്ടിപ്പുകൾ നടത്തുന്നതിന് സൈബർ സൗകര്യങ്ങളെ പ്രയോജനപ്പെടുത്തുകയും അജ്ഞാത കേന്ദ്രങ്ങളിൽ നിന്ന് മൊബൈൽ വരിക്കാർക്കും ഇന്റർനെറ്റ് ഉപഭോക്താക്കൾക്കും വ്യാജ സന്ദേശങ്ങൾ അയച്ച് വഞ്ചിക്കുകയും ചെയ്യുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു തടയുവാൻ എന്തൊക്കെ ശാസ്ത്രീയ നടപടിയാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>ബ്ലേഡ് മാഫിയ സംഘത്തെ നിയന്ത്രിക്കുവാൻ നടപടികൾ</u>

4976 ശ്രീ. സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനനഗരി കേന്ദ്രീകരിച്ച് പണം പലിശയ്ക്കു നൽകി ബ്ലാങ്ക് ചെക്കുകൾ, പ്രോമിസറി നോട്ടുകൾ, വസ്തു വകകൾ, വാഹനങ്ങൾ മുതലായവ ജാമ്യമായി എഴുതി വാങ്ങുന്ന ബ്ലേഡ്മാഫിയ സംഘത്തെ നിയന്ത്രിക്കുവാൻ സ്വീകരിച്ച കർശന നടപടികൾ സംസ്ഥാന വ്യാപകമാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ;

(ബി) പണമോ പലിശയോ തിരികെ നൽകാത്തതിന്റെ പേരിൽ ഭീമമായ തുക ചെക്കിലും മറ്റും എഴുതി ചേർത്ത് വണ്ടി ചെക്കാക്കി ബിസിനസ്സ് സ്ഥാപനങ്ങൾ, വാഹനങ്ങൾ, സ്ഥാവരജംഗമവസ്തുക്കൾ മുതലായവ കൈക്കലാക്കുന്ന ഇക്കൂട്ടരെയും ഗുണ്ടാ സംഘങ്ങളേയും അമർച്ച ചെയ്യുന്നതിന് പോലീസിന് നിർദ്ദേശം നൽകുമോ;

(സി) സഹകരണ ബാങ്കുകൾ, ന്യൂജനറേഷൻ ബാങ്കുകൾ എന്നിവയുടെ സൗകര്യങ്ങൾ ദുരുപയോഗം ചെയ്ത് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും നേതൃത്വം നൽകുന്ന ഈ മേഖലയിലെ ജീവനക്കാരെ നിയന്ത്രിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ബ്ലേഡ് / കൊള്ള പലിശ സംഘങ്ങൾ നടത്തുന്ന അക്രമങ്ങൾ</u>

4977 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ് / കൊള്ളപലിശ സംഘങ്ങൾ നടത്തുന്ന അക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര അക്രമസംഭവങ്ങളിൽ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്ക് ഈ മാഫിയകളുമായി ബന്ധമുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഇന്ത്യന്‍ റിസര്‍വ്വ് ബറ്റാലിയനിലെ സേനാംഗങ്ങളുടെ യോഗ്യതകളും സേവനവേതന വ്യവസ്ഥകളും</u>

4978 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച ഇന്ത്യന്‍ റിസര്‍വ്വ് ബറ്റാലിയനിലെ റെഗുലര്‍ വിംഗിലേക്ക് സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ യോഗ്യതകള്‍ സംബന്ധിച്ച് വിശദാംശം നല്‍കുമോ;

(ബി) കേരളാ പോലീസില്‍ നിന്നും യോഗ്യതയിലും ട്രെയിനിംഗിലും വ്യത്യാസം പുലര്‍ത്തുന്ന പ്രസ്തുത സേനാംഗങ്ങള്‍ക്ക് എന്തുകൊണ്ടാണ് വേതനവ്യവസ്ഥകളില്‍ മാറ്റം വരുത്താത്തത്; കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത സേനാംഗങ്ങള്‍ക്ക് ആനുകൂല്യങ്ങളും അലവന്‍സുകളും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

എ. പി. ബറ്റാലിയനുകളിലെ കമാണ്ടന്റ് തസ്തികകൾക്ക് സ്പെഷ്യൽ റൂൾസ്

4979 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ എ. പി. ബറ്റാലിയനുകളിലെ കമാണ്ടന്റ് തസ്തികകൾക്ക് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇൻഡ്യൻ റിസർവ്വ് ബറ്റാലിയൻ ഉൾപ്പെടെയുള്ള ബറ്റാലിയനുകളിൽ സീനിയർമാരായ ഡെപ്യൂട്ടി കമാണ്ടന്റ്/അസിസ്റ്റന്റ് കമാണ്ടന്റുമാർ ഉള്ളപ്പോൾ അവരെക്കാൾ ജൂനിയർമാരായ ജനറൽ എക്സിക്യൂട്ടീവിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെ പോലീസ് സൂപ്രണ്ടുമാരായി പ്രൊമോട്ട് ചെയ്തു ബറ്റാലിയനുകളിൽ കമാണ്ടന്റുമാരായി നിയമിച്ചിട്ടുണ്ടോ;

(സി) ബി.എസ്.എഫ്, സി.ആർ.പി.എഫ്. മുതലായ കേന്ദ്ര സേനകളിലെ കമാണ്ടന്റുമാർ അതേ സേനകളിലെ സീനിയർ ഉദ്യോഗസ്ഥരാണെന്നിരിക്കെ, എന്തുകൊണ്ട് എ. പി. ബറ്റാലിയനുകളിലെ കമാണ്ടന്റുമാരെ അതേ വിഭാഗത്തിൽ നിയമിക്കുന്നില്ല എന്നും അതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഡി) ബറ്റാലിയൻ ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. നിർത്തലാക്കിയത് കൊണ്ടുണ്ടായ സ്റ്റാഗ്നേഷൻ ഒഴിവാക്കാൻ ശ്രമിക്കുമോ;

(ഇ) കേന്ദ്ര അർദ്ധ സൈനിക വിഭാഗങ്ങളിൽ നോൺ ഐ. പി.എസ്. വിഭാഗത്തിലുള്ളവർ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിൽ വരെ ജോലി ചെയ്യുമ്പോൾ ഈ രീതി കേരളാ ആംഡ് പോലീസ് ബറ്റാലിയനുകളിൽ നടപ്പിലാക്കി ബറ്റാലിയൻ ഓഫീസർമാരുടെ ഘടനയിൽ മാറ്റം വരുത്തി പ്രൊമോഷൻ സാധ്യത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് തൊഴിലെടുക്കുന്ന വിദേശികൾ</u>

T-4980 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശികളായിട്ടുള്ള എത്ര പേർ തൊഴിലെടുക്കുന്നുണ്ടെന്ന് പോലീസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളിലെ മാവോയിസ്റ്റുകൾ

4981 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടുള്ളത്;

(ബി) മാവോയിസ്റ്റുകളെ തുരത്തുന്നതിന് വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അന്യസംസ്ഥാന തൊഴിലാളികളായി കേരളത്തിൽ വന്ന് ജോലി ചെയ്യുന്നവരിൽ മാവോയിസ്റ്റുകൾ ഉണ്ടോ എന്ന് കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>തുല്യനീതി നടപ്പാക്കാൻ സ്വീകരിച്ച നടപടി</u>

4982 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെളുത്തവരെ സല്യൂട്ട് ചെയ്യുകയും കറുത്തവരെ അക്രമിക്കുകയും ചെയ്യുന്ന നീതി നടത്തിപ്പാണ് കേരളത്തിലെ പോലീസിൽ നിലവിലുള്ളതെന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ച് തുല്യനീതി നടപ്പാക്കാൻ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള പോലീസ് ഓഫീസർമാർക്ക് ഐ.പി.എസ്.റാങ്ക് നിഷേധിക്കാൻ ഗൂഢാലോചന നടക്കുന്നുവെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അഭിപ്രായത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ആഭ്യന്തര വകുപ്പിന്റെ കീഴിലെ വാഹനങ്ങൾ</u>

4983 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിൻ കീഴിലെ വിവിധ വിഭാഗങ്ങളിലായി എത്ര വാഹനങ്ങൾ ഉണ്ട്; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവയിൽ കാലപ്പഴക്കം ഉള്ളതും ഇപ്പോൾ ഉപയോഗത്തിലില്ലാത്തതുമായ വാഹനങ്ങൾ എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്ന ശേഷം എത്ര വാഹനങ്ങൾ വാങ്ങി; എന്തു തുക ചിലവായി; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിനായി എത്ര ഡ്രൈവർമാർ ആവശ്യമുണ്ട്; ഇപ്പോൾ എത്ര പേർ ഡ്രൈവർമാരായുണ്ട്;

(ഇ) ആഭ്യന്തര വകുപ്പിൻ കീഴിൽ പ്രൈവറ്റ് വാഹനങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ടോ;

(എഫ്) ഏങ്കിൽ ഈ സർക്കാർ വന്ന ശേഷം എന്തു തുക ഇതിനായി ചിലവാക്കി;

(ജി) പോലീസ് വകുപ്പ് വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എച്ച്) ദുരുപയോഗം കണ്ടെത്താൻ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; എങ്കിൽ എന്ത്;

(ഐ) ഇത്തരം പരിശോധനകളിൽ കണ്ടെത്തിയ ദുരുപയോഗങ്ങളും, എന്തു നടപടികൾ സ്വീകരിച്ചു എന്നും ദുരുപയോഗം ചെയ്തത് ആരെല്ലാം എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം</u>

4984 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം നടത്തിയതുവഴി എത്ര രൂപയുടെ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇത്തരം വാഹനങ്ങളുടെ കൂട്ടത്തിൽ സർക്കാർ വാഹനങ്ങൾ എത്രയുണ്ടെന്നും അതിൽ പോലീസ് വാഹനങ്ങൾ എത്രയെണ്ണം ഉണ്ടെന്നും ആയത് ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>തെളിവുകൾ ഉണ്ടായിട്ടും പോലീസ് അന്വേഷണം നടത്താത്ത കേസുകൾ</u>

4985 ശ്രീ. എം. എ. ബേബി
,, കെ. കെ. നാരായണൻ
,, ഇ. പി. ജയരാജൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രൈം കേസുകളിൽ മൊഴികളുടെയും തെളിവുകളുടേയും പിൻബലം ഉണ്ടായിട്ടും പോലീസ് കേസെടുത്ത് അന്വേഷണം നടത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാല്പ്പാടി വാസു വധക്കേസ് അടക്കം നിരവധി കേസുകളിൽ പുതിയ തെളിവുകളും പരാതികളും വെളിപ്പെടുത്തലുകളും കുറ്റം ആരോപിക്കപ്പെട്ടയാളുകൾക്കെതിരെ ഉണ്ടായിട്ടും കേസെടുക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ് ;

(സി) നീതിനിർവ്വഹണത്തിൽ രണ്ടുതരം സമീപനം എന്ന ആക്ഷേപങ്ങൾക്കിടയായ സാഹചര്യങ്ങൾ സർക്കാർ പരിശോധിക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പ്രതികളെ പിടികൂടാത്ത കൊലപാതക കേസ്സുകൾ</u>

4986 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്ന ഏതെല്ലാം കൊലപാതക കേസ്സുകളിലാണ് ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കൊലപാതകങ്ങൾ എപ്പോൾ നടന്നുവെന്നും കേസ്സിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

ഐ. പി. എസ് കണ്‍ഫര്‍മേഷന് ഇന്റഗ്രിറ്റി സര്‍ട്ടിഫിക്കറ്റ്

4987 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആഭ്യന്തര വകുപ്പില്‍ ഉദ്യോഗസ്ഥര്‍ക്ക് ഐ. പി. എസ്. കണ്‍ഫര്‍മേഷന് ഇന്റഗ്രിറ്റി സര്‍ട്ടിഫിക്കറ്റ് നല്‍കുന്നതില്‍ വര്‍ണ്ണവിവേചനമുണ്ടെന്ന് ഒരു കേന്ദ്രമന്ത്രിയുടെ ആരോപണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആഭ്യന്തര വകുപ്പില്‍ വര്‍ണ്ണവിവേചനമുണ്ടെന്ന് ഒരു ഉന്നത ഉദ്യോഗസ്ഥന്‍ തന്നെ ഒരു പൊതുവേദിയില്‍ ഉന്നയിച്ചത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സാഹചര്യം വകുപ്പിലുണ്ടെങ്കില്‍ ഇത് തടയുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥർ</u>

4988

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ അഴിമതിക്കാരും ക്രിമിനലുകളുമായ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എ.എസ്. പി. മുതൽ ഉയർന്ന റാങ്കിലുള്ള എത്ര ഉദ്യോസ്ഥരുടെ പേരിൽ അഴിമതിയും ക്രിമിനൽ കുറ്റവും സ്വഭാവദൂഷ്യവും കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും കേസിൽ ശിക്ഷണ നടപടികൾക്ക് വിധേയരായിട്ടുള്ളവരുടേയോ അന്വേഷണം നേരിടുന്നവരുടേയോ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>യു. എ. പി. എ. കേസുകൾ</u>

4989 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

യു. എ. പി. എ. ചുമത്തിയ കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിക്കാൻ അനുമതി കൊടുത്ത കേസുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സാമ്പത്തിക തട്ടിപ്പുകേസ്</u>

4990 ശ്രീ. പി. കെ. ഗുരുദാസൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക കുറ്റങ്ങൾക്ക് നേരത്തെ ജയിലിൽ അടക്കപ്പെട്ടിട്ടുള്ളതും ഒട്ടേറെ കേസുകളിൽ ഇപ്പോഴും അന്വേഷണം നേരിടുന്നതുമായ ഒരു സാമ്പത്തിക തട്ടിപ്പുകാരിയുമായി മുഖ്യ മന്ത്രിക്കും ആഫീസിനുമുള്ള ബന്ധം സംബന്ധിച്ച ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;

(ബി) അന്വേഷണസംഘം ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയിട്ടുള്ളതാണ്; എന്തെല്ലാം കാര്യങ്ങൾ അന്വേഷിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) സർക്കാരിന്റെ ഭാഗമായുള്ള ആർക്കെല്ലാം എതിരെ എന്തെല്ലാം ആക്ഷേപങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുണ്ടായിരുന്നത്; അന്വേഷണം നടക്കുന്ന ഘട്ടത്തിൽ ആരോപണ വിധേയരായ ആരെല്ലാമാണ് തൽസ്ഥാനത്തുനിന്നും മാറ്റിനിർത്തപ്പെട്ടിട്ടുള്ളത്;

(ഡി) അന്വേഷണ സംഘത്തിൽ നിന്നും ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>രജിസ്റ്റർചെയ്ത തട്ടിപ്പുകേസുകൾ</u>

4991 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തട്ടിപ്പു കേസുകളാണ് കണ്ടെത്തിയിട്ടുളളതെന്നും ഈ കേസുകളിൽ എത്ര പേരെവീതം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ കേസുകൾ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് രജിസ്റ്റർ ചെയ്തിട്ടുളളതെന്നും ഒരേ പ്രതികൾതന്നെ ഒന്നിലധികം പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ കേസുകളിലും തട്ടിപ്പു നടത്തിയതായി കണ്ടെത്തിയിട്ടുളള തുകകൾ എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ കേസുകളിൽ ഇനിയും എത്ര പേരെ അറസ്റ്റു ചെയ്യാനുണ്ടെന്നും ഇതിൽ അന്വേഷണം പൂർത്തിയായ കേസുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) എത്ര കേസുകൾ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സാമ്പത്തിക ക്രമക്കേടുകളും തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസുകൾ</u>

4992 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനുശേഷം നാളിതുവരെ സംസ്ഥാനത്താകെ സാമ്പത്തിക ക്രമക്കേടുകളും തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത കേസുകൾക്ക് ആധാരമായി എത്രമാത്രം തുകയുടെ തട്ടിപ്പുകൾ നടന്നതായാണ് കണക്കാക്കപ്പെടുന്നത്;

(സി) പ്രസ്തുത കേസുകളിൽ എത്ര കേസുകളിൽ ചാർജ്ഷീറ്റ് നൽകിയെന്നും എത്ര കേസുകൾ ശിക്ഷിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പദ്ധതിയുടെ പേരിൽ തട്ടിപ്പ്</u>

4993

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്തൊട്ടാകെ സൗരോർജ്ജ പദ്ധതിയുടെ പേരിൽ സരിത എസ്. നായരും ബിജു രാധാകൃഷ്ണനും തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ്</u>

4994 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസിൽ ഉൾപ്പെട്ടിട്ടുള്ള മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, ഗൺമാൻ എന്നിവർക്കെതിരെ തെളിവെടുപ്പോ മറ്റ് അന്വേഷണ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, കാരണമെന്തെന്ന് വിശദീകരിക്കാമോ;

(ബി) സരിത എസ്. നായരുടെ ഫോൺ കോളുകൾ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ, മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് സരിത എസ്. നായരുടെ ഫോൺ കോളുകൾ പോയിട്ടുണ്ട് എന്നത് വ്യക്തമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ, അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചീഫ് വിപ്പ് നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാം; ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകൾ ഈ സംഭവത്തിൽ സർക്കാർ വിശ്വാസത്തിലെടുക്കുന്നുണ്ടോ; എങ്കിൽ, പ്രസ്തുത വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് സർക്കാർ നടപടികൾ സ്വീകരിക്കാത്തതെന്താണ്;

(ഡി) സോളാർ കേസിൽ ഉൾപ്പെട്ട ബിജു രാധാകൃഷ്ണന്റെ വെളിപ്പെടുത്തലുകൾ എന്തെല്ലാം; മുഖ്യമന്ത്രിയുടെ പി.എ ടെന്നി ജോപ്പന് മുഖ്യമന്ത്രിയുടെ ശുപാർശ കത്ത് തരപ്പെടുത്തി നൽകിയതിന് സരിത പ്രതിഫലം നൽകി എന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ടെന്നി ജോപ്പനെതിരെ നിയമാനുസൃതം സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാം; എന്തെല്ലാം നടപടികൾ സ്വീകരിച്ചു; കേസെടുത്തിട്ടുണ്ടോ;

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

(ഇ) കോട്ടയം ഡി.സി.സി സെക്രട്ടറി കെ.ജെ. ജെയിംസിന് ബന്ധമുള്ളതായി പറയപ്പെടുന്ന ചിട്ടി കമ്പനിയിൽ സരിത എസ്. നായർ, സീരിയൽ നടി ശാലു മേനോൻ, ബിജു രാധാകൃഷ്ണൻ എന്നിവർക്ക് നിക്ഷേപമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഈ സ്ഥാപനത്തിന്റെ തട്ടിപ്പ് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; പരാതി ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; പരാതി നൽകിയത് ആര്; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) സോളാർ തട്ടിപ്പ് കേസിൽ ഇതുവരെ പോലീസ് ആരെയെല്ലാം ചോദ്യം ചെയ്തു എന്നും ഈ കേസിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ തട്ടിപ്പ് കേസ് പ്രതികൾക്ക് ഓഹരികളുള്ള കമ്പനികൾ</u>

4995 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സൗരോർജ്ജ തട്ടിപ്പ് കേസ് പ്രതികൾക്ക് ഓഹരികളുള്ള എത്ര കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നുവെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കമ്പനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിൽ രജിസ്റ്റർ ചെയ്ത കേസുകൾ</u>

4996

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ റൂഫ് പ്ലാന്റ് നിർമ്മിച്ചുതരാമെന്നേറ്റ് ജനങ്ങളെ വഞ്ചിച്ച എത്ര കേസുകൾ സംസ്ഥാനത്ത് നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ പോലീസ് സ്റ്റേഷൻ പരിധികളിൽ ആരുടെയൊക്കെ പരാതിയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ക്രൈം നമ്പരുകളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഓരോ പരാതിക്കാരും തന്ന പരാതികളുടെ പകർപ്പും പരാതിക്കാരുടെ ഓരോരുത്തരുടെയും മൊഴിയുടെ പകർപ്പും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

പോലീസ് സ്റ്റേഷനുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന നടപടി

4997 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഓഫീസുകളിലും സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് ആഭ്യന്തര വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിരുന്നോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച ആലോചനയ്ക്ക് മുൻപായി ആഭ്യന്തര വകുപ്പ് നോഡൽ ഏജൻസിയായ അനർട്ടുമായി ചർച്ച നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക പഠനം നടത്തിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സൗരോർജ റൂഫ് പ്ലാന്റ് നിർമ്മിക്കാമെന്നേറ്റ് തട്ടിപ്പും വഞ്ചനയും നടത്തിയ കമ്പനി</u>

4998 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റുൾപ്പെടെ സംസ്ഥാനത്ത് സൗരോർജ്ജ റൂഫ് പ്ലാന്റ് നിർമ്മിക്കാമെന്നേറ്റ് തട്ടിപ്പും വഞ്ചനയും നടത്തിയ കമ്പനിക്ക് പുറകിൽ പതിനായിരം കോടിയുടെ അഴിമതിയുണ്ടെന്നും, വമ്പൻ സ്രാവുകളുമുണ്ടെന്ന ഗവൺമെന്റ് ചീഫ് വിപ്പിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട് പ്രത്യേക ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്</u>

4999 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് ടീം സോളാർ കമ്പനിയ്ക്കെതിരെ തലശ്ശേരി, പെരുമ്പാവൂർ പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നോ;

(ബി) ഈ കേസുകളിലെ അന്വേഷണ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസുകളുടെ അന്വേഷണത്തിനിടെ സരിത എസ്. നായരുമായി നിരന്തരം ഫോൺ വിളികൾ നടത്തിയവർ ആരെല്ലാമെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) സരിതയുമായി അടുപ്പം പുലർത്തിയതായി കണ്ടെത്തിയ ആരെയെങ്കിലും ഈ കേസ്സുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പു കേസുമായി ബന്ധപ്പെട്ട പ്രാഥമികാന്വേഷണ റിപ്പോർട്ട്</u>

5000 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പു കേസുമായി ബന്ധപ്പെട്ട് പ്രാഥമികാന്വേഷണം നടത്തിയ സംസ്ഥാന പോലീസ് ഇന്റലിജൻസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

ടീം സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

5001 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടീം സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ, തീയതി, പരാതിക്കാരൻ, പ്രതികൾ, തട്ടിയെടുത്ത തുക എന്നിവ വ്യക്തമാക്കുമോ ;

(സി) ഈ കേസ്സുകളിൽ പ്രതി സ്ഥാനത്ത് ഏതെങ്കിലും സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേസ്സ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ, പ്രതി പട്ടികയിലെ സ്ഥാനം എന്നിവ വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>ടീം സോളാർ തട്ടിപ്പു കേസ്സ്</u>

5002 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടീം സോളാർ തട്ടിപ്പു കേസ്സിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പോലീസ്, സെക്രട്ടേറിയറ്റ് ഓഫീസുകളിൽ നിന്നും പ്രതികൾക്ക് വിവരം ലഭിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) വിജിലൻസ് ഹെഡ്ക്വോർട്ടേഴ്സിൽ നിന്നും പോലീസുകാർ ഈ കേസിലെ പ്രതിയുമായി ഫോണിൽ സംസാരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ കേസ്സുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയോ സ്ഥലം മാറ്റുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട അന്വേഷണം</u>

5003 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് ഏതെല്ലാം അന്വേഷണങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) സോളാർ തട്ടിപ്പു കേസുമായി ബന്ധപ്പെട്ട് മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ, ഉദ്യോഗസ്ഥന്മാർ എന്നിവരുടെ പങ്കിനെ കുറിച്ച് പ്രത്യേക അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ അന്വേഷണത്തിന്റെ ചുമതല ആർക്കാണെന്ന് വിശദമാക്കുമോ;

(സി) സോളാർ തട്ടിപ്പു കേസിലെ പ്രതി സരിത എസ്. നായരുമായി ഈ മന്ത്രിസഭയിലെ ഉന്നതർക്ക് ഉണ്ടെന്ന് ആരോപിക്കപ്പെടുന്ന ബന്ധം സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ടീം സോളാർ കമ്പനിയുടെ തട്ടിപ്പിന് ഇരയായവരുടെ വിവരങ്ങൾ</u>

5004 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടീം സോളാർ കമ്പനിയുടെ തട്ടിപ്പിന് ഇരയായവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെന്നും, ഇവരിൽ നിന്നും എത്ര കോടിയുടെ തട്ടിപ്പാണ് നടത്തിയത് എന്നും വിശദമാക്കുമോ;

(ബി) ഏതെങ്കിലും സർക്കാർ ഓഫീസുകളോ, സർക്കാർ ഏജൻസികളോ ടീം സോളാർ കമ്പനിയുടെ തട്ടിപ്പിന് ഇരയായിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ടീം സോളാർ കമ്പനിയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് പുറത്ത് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ടീം സോളാർ കമ്പനിയുടെ ഓഹരി ഉടമകൾ

5005 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പാനലുമായി ബന്ധപ്പെട്ട് തട്ടിപ്പ് നടത്തിയ സ്ഥാപനമായ ടീം സോളാർ കമ്പനി ഏത് തീയതിയിൽ എവിടെയാണ് രജിസ്റ്റർ ചെയ്യപ്പെട്ടതെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന്റെ ഓഹരി ഉടമകൾ ആരൊക്കെയെന്നും ഇവർക്കോരോരുത്തർക്കും ഈ കമ്പനിയിൽ എത്ര വീതം ഓഹരിയുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ കമ്പനിയിൽ ഓഹരിയുള്ള സരിത ഒഴികെ മറ്റാരെയെങ്കിലും തട്ടിപ്പുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സൗരോർജ്ജ പ്ലാന്റ് തട്ടിപ്പ്</u>

5006 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പ്ലാന്റ് തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിൽ സംസ്ഥാനത്ത് മുൻപ് എന്തെങ്കിലും കേസ്സുകൾ ഉണ്ടായിരുന്നോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സോളാർ കമ്പനി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ ചെക്ക്</u>

5007 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പു കേസിൽ പ്രതികളായവരുടെ കമ്പനി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ രണ്ടുലക്ഷം രൂപയുടെ ചെക്ക് ഏതു രീതിയിലാണ് കൈപ്പറ്റിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ചെക്ക് സർക്കാരിനു വേണ്ടി ആരാണ് ഏറ്റുവാങ്ങിയതെന്ന് വെളിപ്പെടുത്താമോ;

(സി) ബാങ്കിൽ തുകയില്ലാത്തതിനാൽ ഈ ചെക്ക് എന്നാണ് ബാങ്ക് തിരിച്ചയച്ചതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ടീം സോളാർ തട്ടിപ്പ് കേസ്</u>

5008 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടീം സോളാർ തട്ടിപ്പ് കേസിലെ പ്രതികളുമായി മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഫോണിൽ ബന്ധപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണ്; എങ്ങനെയാണ് ശ്രദ്ധയിൽപ്പെട്ടത്; ആരൊക്കെയാണ് ബന്ധപ്പെട്ടത്; ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ബി) ഇത് സംബന്ധിച്ച പോലീസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഇവരെ തട്ടിപ്പ് കേസിൽ പ്രതിചേർത്തിട്ടുണ്ടോ; ഇവർക്കെതിരെ സർവ്വീസ് ചട്ടപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സോളാർ പ്ലാന്റ് തട്ടിപ്പ് കേസിലെ പ്രതി സരിത എസ്. നായർക്കെതിരെ പരാതികൾ</u>

5009 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ പ്ലാന്റ് തട്ടിപ്പ് കേസിലെ പ്രതി സരിത എസ്. നായർക്കെതിരെ എത്ര പരാതികൾ കിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പരാതികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എവിടെയെല്ലാമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) ഈ കേസുകൾ ഏതെല്ലാം അന്വേഷണ ഉദ്യോഗസ്ഥരാണ് അന്വേഷിക്കുന്നത് എന്നത് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പുകേസില പ്രതി സരിത എസ്. നായരുടെ പേരിലുള്ള കേസ്സുകൾ</u>

5010 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിൽ സംസ്ഥാനത്താകെ നിലവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഓരോ കേസ്സും ഏത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തെന്നും എന്നാണ് രജിസ്റ്റർ ചെയ്തതെന്നും ഓരോ കേസ്സും ഏത് കുറ്റകൃത്യവുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം കേസുകളിൽ ജയിൽ ശിക്ഷ അനുഭവിച്ചുവെന്നും എന്നുമുതൽ എന്നുവരെ ജയിൽവാസം അനുഭവിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം കേസ്സുകളിൽ ജാമ്യം ലഭിച്ചുവെന്നും എപ്പോഴൊക്കെയാണ് ജാമ്യം ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ഇ) ഇനിയും ഏതെല്ലാം കേസ്സുകളിലാണ് ചാർജ്ജ് ഷീറ്റ് നൽകാനുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ജൂനിയർ സയന്റിഫിക് ഓഫീസർമാരുടെ ഒഴിവുകൾ</u>

5011 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഴ്സ് ലാബിൽ ജൂനിയർ സയന്റിഫിക് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റ്</u>

5012 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എസ്.സി വഴി നിയമിതരായ സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കുവാനുള്ള തടസ്സം എന്തെന്നും എന്ന് പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പോലീസ് സർജൻ ഓണറേറിയം</u>

5013

ശ്രീ. ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യവകുപ്പിലുമായി എത്ര ഡോക്ടർമാർ ആഭ്യന്തര വകുപ്പ് അനുവദിച്ചിട്ടുള്ള പ്രതിമാസ പോലീസ് സർജൻ ഓണറേറിയം വാങ്ങി പോലീസ് സർജന്മാരായി ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവരിൽ എത്ര പേർ പോലീസ് സർജൻ, ജില്ലാ പോലീസ് സർജൻ, ഡെപ്യൂട്ടി പോലീസ് സർജൻ, അസിസ്റ്റന്റ് പോലീസ് സർജൻ തസ്തികകളിൽ ജോലി ചെയ്യുന്നു;

(സി) ഇവർക്ക് ആഭ്യന്തര വകുപ്പ് അനുവദിച്ചിട്ടുള്ള പ്രതിമാസ പോലീസ് സർജൻ ഓണറേറിയം എത്ര രൂപ വീതമാണ്; പ്രസ്തുത നിരക്കുകൾ അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്; നിരക്കുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; അതിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ ജീവനക്കാർ</u>

5014 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ വിവരങ്ങൾ തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) പോലീസ് സ്റ്റേഷന്റെ അധികാര വിസ്തൃതിക്ക് അനുസരിച്ചുള്ള അംഗബലം കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ഉണ്ടോ;

(ഡി) പോലീസ് സ്റ്റേഷനിൽ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**01.07.2013-ലെ മറുപടിക്ക്**

<u>ദേശീയ പാതയിലെ വാഹന പരിശോധന</u>

5015 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 1 മുതൽ ജൂൺ 15 വരെ കോഴിക്കോട് മുതൽ വടകര വരെയുള്ള ദേശീയ പാതയിൽ ഓരോ സ്റ്റേഷൻ പരിധിയിലും പോലീസ് എത്ര വാഹന പരിശോധന നടത്തി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരിശോധനയിലൂടെ എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്ന് സ്റ്റേഷൻ തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ഈ റൂട്ടിൽ എത്ര അപകടങ്ങളുണ്ടായി എന്നും അപകടങ്ങളുണ്ടാക്കിയ വാഹനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടു എന്നും എത്ര പേർക്ക് പരിക്കുപറ്റി എന്നും വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ റൂട്ടിലെ സ്വകാര്യ ബസ്സുകളുടെ മൽസര ഓട്ടത്തെപ്പറ്റി പരാതികളുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ആറ്റിങ്ങലിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ കവർച്ച</u>

5016 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിൽ പോപ്പുലർ ഫിനാൻസ് എന്ന സ്വകാര്യധനകാര്യ സ്ഥാപനത്തിൽ 4 ജീവനക്കാരെ കെട്ടിയിട്ട് കവർച്ച നടത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കേസന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന മേലുദ്യോഗസ്ഥൻ ആരാണെന്നും, കേസന്വേഷണത്തിന് സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ആറ്റിങ്ങൽ മേഖലയിൽ നിരന്തരമുണ്ടാകുന്ന കവർച്ചകളും അക്രമങ്ങളും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ക്രിമിനൽ കേസ്സുകൾ

5017 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ മൂന്ന് വർഷത്തിൽ എത്ര ക്രിമിനൽ കേസ്സുകൾ ചാർജ് ചെയ്തു എന്ന് പോലീസ് സ്റ്റേഷനുകൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനിലായി എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ 'കാപ്പ' വകുപ്പ് ചുമത്തിയവരുടെ വിശദാംശങ്ങൾ</u>

5018 ശ്രീ.ആർ.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആരെയെങ്കിലും 'കാപ്പ' വകുപ്പ് ചുമത്തി ജില്ലയിൽ നിന്നും പുറത്തേക്ക് വിടുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; രാഷ്ട്രീയ പാർട്ടി പ്രവർത്തകരായ എത്ര പേർക്കെതിരെ ഈ വകുപ്പ് ചുമത്തിയിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) മാവേലിക്കര പടനിലം ഹയർ സെക്കൻഡറി സ്ക്കൂളിലെ ആൻസി എന്ന വിദ്യാർത്ഥിനിയെ പീഡിപ്പിച്ച ഷാജിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അറസ്റ്റ് ചെയ്യുമോ; ഇയാൾക്കെതിരെ ചുമത്തിയിരിക്കുന്ന വകുപ്പുകൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

പണവും ആധാരങ്ങളും തട്ടിയെടുത്തതുമായി ബന്ധപ്പെട്ട്
പി. എ. ജോബോയിക്കെതിരെയുള്ള പരാതി

5019 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളെ കബളിപ്പിച്ച് പണവും വസ്തുസംബന്ധമായ ആധാരങ്ങളും തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് ചാലക്കുടി തണ്ടപ്പളളി വീട്ടിൽ പി. എ. ജോബോയിക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പ്രസ്തുത കേസുകളിൽ സ്വീകരിച്ചിട്ടുളള തുടർനടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പണവും വസ്തുവിന്റെ ആധാരങ്ങളും നഷ്ടപ്പെട്ടവർക്ക് ഇത് തിരികെ ലഭിക്കുവാൻ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കർഷകർക്ക് ഗൺ ലൈസൻസ്</u>

5020 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വന്യജീവികളിൽ നിന്നും സംരക്ഷണം നൽകുന്നതിലേക്കായി കർഷകർക്ക് ഗൺ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ടോ;

(ബി) ഇത്തരം ആവശ്യങ്ങൾക്കായി മുമ്പ് നൽകിയിരുന്ന ഗൺ ലൈസൻസുകൾ ക്യാൻസൽ ചെയ്ത എത്ര കേസുകൾ ജില്ലയിലുണ്ട്;

(സി) ഇങ്ങനെ ക്യാൻസൽ ചെയ്യാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ;

(ഡി) വന്യജീവികൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന സാഹചര്യത്തിൽ ക്യാൻസൽ ചെയ്ത ഗൺ ലൈസൻസുകൾ പുതുക്കി നൽകണമെന്ന കർഷകരുടെ ഹർജിയിൽ അനുഭാവപൂർണ്ണമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പിന്തള്ളപ്പെട്ടതു സംബന്ധിച്ച വി. സി. ഉണ്ണിക്കുട്ടൻ മുതൽ പേരുടെ പരാതി</u>

5021 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 1989-ൽ ഹെഡ് കോൺസ്റ്റബിൾമാരായി നിയമനം ലഭിച്ച വി. സി. ഉണ്ണികൃഷ്ണൻ തുടങ്ങിയ 7 പേർ സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ പിന്തള്ളപ്പെട്ടതു സംബന്ധിച്ച പരാതിയിന്മേൽ, ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13.12.2011-ലെ 3665/2011/ആഭ്യന്തരം നമ്പർ ഉത്തരവിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കി, പരാതിക്കാർക്ക് നീതി ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ നടപടി</u>

T5022 ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടായിട്ടും പോസ്റ്റ്മോർട്ടം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; പോസ്റ്റ്മാർട്ടം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഹെൽമറ്റില്ലാതെ വാഹനം ഓടിച്ചതിന് ചാർജ് ചെയ്ത കേസുകൾ</u>

5023 ശ്രീ.സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സർക്കിൾ പരിധിയിൽ ഹെൽമറ്റില്ലാതെ വാഹനം ഓടിച്ചതിന് 2012 മാർച്ച് മുതൽ 2013 മാർച്ച് വരെ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ പിഴ ഇനത്തിൽ എത്ര രൂപ സർക്കാരിനു ലഭിച്ചു എന്നു വ്യക്തമാക്കാമോ;

(സി) തിരക്കേറിയ കായംകുളം തിരുവല്ല റോഡിൽ പോലീസ് പിടിച്ചെടുത്ത ജെ.സി.ബി. പാർക്ക് ചെയ്തിരിക്കുന്നതു മൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ആയത് അവിടെ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഗതാഗതക്കുരുക്കേറിയ ഈ ഭാഗത്ത് ജെ.സി.ബി.യുടെ മറവിൽ പോലീസ് നടത്തുന്ന ഹെൽമറ്റ് പരിശോധന ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മങ്കട നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി</u>

5024 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി പുനഃക്രമീകരണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുനഃക്രമീകരിക്കുന്നതിന് ഇത് വരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ കുറത്തിക്കാട് പോലീസ് സ്റ്റേഷന് കെട്ടിടം</u>

5025 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ കുറത്തിക്കാട് പോലീസ് സ്റ്റേഷൻ കെട്ടിടം അടിയന്തിരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കല്ലടിക്കോട് പോലീസ് സ്റ്റേഷന് കെട്ടിടം</u>

5026 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കല്ലടിക്കോട് പോലീസ് സ്റ്റേഷന് സ്ഥലം കണ്ടെത്തി നൽകിയാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പറവൂർ പീഢന കേസിലെ പ്രതികളെ പിടികൂടുന്നതിന് നടപടി</u>

5027 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറവൂർ പീഢന കേസിലെ പ്രതികളിൽ ഇനിയും പിടിയിലാകാത്തവർ എത്ര പേരാണ് ഉള്ളത്; അവരെ പിടികൂടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രായപൂർത്തിയാകാത്ത ഇരകൾക്ക് വേഗത്തിൽ നീതിയും, പുനരധിവാസവും ഉറപ്പാക്കണമെന്ന ജസ്റ്റിസ് വർമ്മ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പീഡനത്തിനിരയായ പെൺകുട്ടി 18 വയസ് കഴിഞ്ഞിട്ടും കാക്കനാട്ടെ ജുവനൈൽ സെന്ററിൽ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് പറയാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

പറവൂർ പീഡന കേസ് വിചാരണ

5028 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറവൂർ പീഡന കേസിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രതിപ്പട്ടികയിൽ എത്ര പേരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേസിന്റെ വിചാരണ എത്ര കാലംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത കേസിൽ പ്രത്യേക കോടതി വിചാരണക്ക് വിധേയമാക്കണമെന്ന കാര്യത്തിൽ ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) കാലതാമസം കൂടാതെ പ്രതികൾക്ക് അർഹമായ ശിക്ഷ ഉറപ്പുവരുത്തുവാൻ, കേസിൽ സാക്ഷികളായ 90 ശതമാനം പേരും പറവൂർ മേഖലയിൽ നിന്നുള്ളവരാണ് എന്നുള്ളതുകൊണ്ട്, പറവൂരിൽ താരതമ്യേന കേസു കുറഞ്ഞ കോടതിയിലേക്ക് പ്രത്യേക കേസായി വിചാരണ ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വാരാപ്പുഴ പീഡനക്കേസിലെ പ്രതികൾ</u>

5029 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാരാപ്പുഴ പീഡനക്കേസിലെ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും അർഹമായ ശിക്ഷ നൽകുന്നതിനും പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ;

(ബി) കേസിന്റെ ആരംഭഘട്ടത്തിൽ അന്വേഷിച്ചിരുന്ന അന്വേഷണ ഉദ്യോഗസ്ഥർ ആരായിരുന്നു; ഇപ്പോൾ കേസന്വേഷിക്കുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വരാപ്പുഴ പീഡന കേസ് അന്വേഷണം</u>

5030

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ പീഡന കേസിന്റെ അന്വേഷണം ഏത് വരെയായി എന്ന് വിശദമാക്കാമോ;

(ബി) പെൺകുട്ടി പ്രതികളെ തിരിച്ചറിഞ്ഞതിന്റെയും, മൊഴിയുടെയും അടിസ്ഥാനത്തിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇതിനകം എത്ര പേരെ ചോദ്യം ചെയ്തിട്ടുണ്ട്;

(സി) പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ഇതിനകം അന്വേഷണ സംഘം നടത്തിയ നടപടികൾ എന്തൊക്കെയാണ്;

(ഡി) പ്രതികളെ രക്ഷപ്പെടുത്തുവാൻ ബോധപൂർവ്വം ശ്രമിക്കുന്നുവെന്ന് മാധ്യമങ്ങളിൽ വന്നിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാർത്തയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഇ) വരാപ്പുഴ സ്ത്രീ പീഡന കേസിൽ ചാർജ് ഷീറ്റ് എന്ന് കോടതിയിൽ സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിചാരണ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വടക്കഞ്ചേരി സി.ഐ ക്കെതിരായ നടപടി</u>

5031 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ ബൈക്ക് കസ്റ്റഡിയിൽ എടുക്കേണ്ടതിനു പകരം മകന് ഉപയോഗിക്കുവാൻ നൽകിയതിന് പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി സി.ഐ ക്കെതിരായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്;

(ഡി) സി.ഐ. ക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

**കോഴിക്കോട് പന്നിയങ്കരയിൽ രണ്ടു പേർ മരിക്കാനിടയായ സംഭവം**

5032 ശ്രീ. എളമരം കരീം
,, എ. പ്രദീപ് കുമാർ
,, പി.റ്റി.എ. റഹീം
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്നിയങ്കരയിൽ രണ്ടുപേർ മരിക്കാനിടയായ അനിഷ്ട സംഭവങ്ങളെക്കുറിച്ചുള്ള ഗവൺമെന്റ് സെക്രട്ടറിതല അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും വെളിപ്പെടുത്താമോ ;

(സി) സംഭവത്തിനുത്തരവാദികളായ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയക്കാർ പ്രതികളായുള്ള കൊലപാതകങ്ങൾ</u>

5033 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ജൂൺ ഒന്നിനു ശേഷം രാഷ്ട്രീയക്കാർ പ്രതികളായിട്ടുള്ള എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ; ഇവരുടെ രാഷ്ട്രീയ ബന്ധം വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

സി.പി.ഐ കാഞ്ഞങ്ങാട് മണ്ഡലം സെക്രട്ടറിയെയും ഭാര്യയെയും ആക്രമിച്ച കേസ്

5034 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സി.പി.ഐ കാഞ്ഞങ്ങാട് മണ്ഡലം സെക്രട്ടറി ദാമോദരനേയും ഭാര്യയേയും അർദ്ധരാത്രിയിൽ മുഖംമൂടി സംഘം ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേസ് രജിസ്ട്രർ ചെയ്തിട്ടുണ്ടോ എന്നും ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ് രജിസ്ട്രർ ചെയ്തിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) കേസിലെ പ്രതികൾ ആരൊക്കെയാണ്; എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കേസ് സംബന്ധിച്ച കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കോൺഗ്രസ് പ്രവർത്തകർ പ്രതികളായ കേസ്സുകൾ</u>

5035 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കോൺഗ്രസ് പ്രവർത്തകർ പ്രതികളായ എത്ര കേസ്സുകൾ എഴുതിത്തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ നടപടി

5036 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഫയർ സ്റ്റേഷനുകൾക്ക് സ്വന്തമായ ഓഫീസും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാൻ എടുത്തിട്ടുളള നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഫയർ സ്റ്റേഷനുകൾ പുതുതായി തുടങ്ങുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് പുതിയ ഫയർസ്റ്റേഷൻ</u>

5037 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് പുതിയ ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഫയർസ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മങ്കട മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ</u>

5038

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അഗ്നിബാധകൾ ഇടക്കിടെ ഉണ്ടാവുന്ന മങ്കട മണ്ഡലത്തിൽ പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>പ്രത്യേക വിജിലൻസ് സെൽ</u>

5039 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അഴിമതികൾ തടയുന്നതിന് ഇതിന്റെ പ്രവർത്തനം എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) സെല്ലിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ഭരണതലത്തിൽ എടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാർ

5040 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിക്ഷാകാലാവധി കഴിഞ്ഞ് സെൻട്രൽ ജയിലിൽ കഴിയുന്ന തടവുകാരുടെ ശിക്ഷാകാലാവധി കഴിഞ്ഞിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തടവുകാർ ചെയ്ത കുറ്റമെന്താണ്, അവരുടെ പേരുവിവരങ്ങൾ, അവരെ ഏത് കോടതിയാണ് ശിക്ഷിച്ചത്, എത്ര വർഷത്തേക്കാണ് ശിക്ഷിച്ചത് എന്നീ കാര്യങ്ങളും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

5041 ശ്രീ. കെ. മുരളീധരൻ
'' അൻവർ സാദത്ത്
'' കെ. ശിവദാസൻ നായർ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അന്തേവാസികൾക്ക് എന്തെല്ലാം തൊഴിൽ സാധ്യതകൾക്കുള്ള മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കോടതികളിലേക്ക് കൊണ്ടുപോകുന്ന പ്രതികളുടെ സുരക്ഷ</u>

5042 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കേസ്സുകളിൽ പ്രതികളായി ജയിലിൽ കഴിയുന്നവരെ കോടതികളിൽ ഹാജരാക്കുവാൻ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്;

(ബി) ഇതിനായി നിയോഗിക്കുന്ന പോലീസുദ്യോഗസ്ഥർ നടപടിക്രമങ്ങൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടികൾ ഇത്തരക്കാർക്കെതിരെ സ്വീകരിച്ചു; അവർ ആരെല്ലാം;

(ഡി) ഈ സർക്കാർ വന്നശേഷം പോലീസ് പ്രതികളെ കോടതിയിലെത്തിക്കുമ്പോൾ എത്ര ആക്രമണങ്ങളുണ്ടായി; എവിടെയെല്ലാം; എത്ര പ്രതികൾ രക്ഷപ്പെട്ടു; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ഇ) ആക്രമണങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചവർ ആരെല്ലാം; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(എഫ്) രക്ഷപ്പെട്ട പ്രതികളിൽ എത്ര പേരെ അറസ്റ്റു ചെയ്തു; അവർ ആരെല്ലാം; എത്ര പേരെ അറസ്റ്റു ചെയ്യുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കോടതികളില്‍ ഹാജരാക്കുവാന്‍ കൊണ്ട് പോകുന്ന പ്രതികള്‍ രക്ഷപ്പെടുന്ന സാഹചര്യം</u>

5043 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജയിലുകളില്‍ നിന്നും കോടതികളില്‍ ഹാജരാക്കുവാന്‍ കൊണ്ട് പോകുന്ന പ്രതികള്‍ രക്ഷപ്പെടുന്ന സാഹചര്യമുണ്ടോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം ഇത്തരത്തില്‍ എത്ര പ്രതികള്‍ രക്ഷപ്പെട്ടിട്ടുണ്ട്;

(സി) ഇത് തടയുന്നതിന് കര്‍ക്കശ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ജയിൽ സുരക്ഷയ്ക്ക് സ്ഥിരം ജീവനക്കാർ</u>

5044 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്തെ ജയിലുകളിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജയിലിലേക്കും നിയമനം നൽകിയ ജീവനക്കാരുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(സി) കൊടും കുറ്റവാളികൾ കിടക്കുന്ന സെല്ലിൽ സുരക്ഷയ്ക്ക് താൽക്കാലിക ജീവനക്കാരെ മാത്രമാണോ നിയമിക്കുന്നത്; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും റിപ്പർ ജയാനന്ദനും കൂട്ടാളിയും ജയിൽ ചാടാൻ കാരണം താല്ക്കാലിക ജീവനക്കാരാണെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) ഇവരെ പിരിച്ചുവിട്ട ശേഷം വീണ്ടും താല്ക്കാലിക ജീവനക്കാരെ നിയമിച്ചതായുള്ള വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ജയിലുകളിൽ സുരക്ഷാജീവനക്കാരുടെ നിയമനം</u>

5045 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ജയിലുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ഒഴിവാക്കി സ്ഥിരം ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ജയിൽ ചാടിയ തടവുകാരുടെ എണ്ണം</u>

5046 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിചാരണയ്ക്ക് കൊണ്ടുപോകുംവഴി പോലീസിനെ വെട്ടിച്ച് കടന്നുകളഞ്ഞ തടവുകാർ എത്ര;

(ബി) ഈ കാലയളവിൽ പരോളിലിറങ്ങി കാലാവധി കഴിഞ്ഞിട്ടും തിരികെയെത്താത്തവർ എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

ജയിൽ ചാടിയ തടവുപുള്ളികൾ

5047 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം ജയിൽ ചാടിയ തടവുപുള്ളികളെ പിടികൂടിയശേഷം വീണ്ടും തടവുചാടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ജയിൽ ജീവനക്കാരുടെ സസ്പെൻഷൻ</u>

5048 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തടവുകാരുടെ ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട് എത്ര ജയിൽ ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; കാറ്റഗറിയും ജയിലും തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) ഇതിൽ എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ</u>

5049 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത കേസുകൾ ഏതൊക്കെ മന്ത്രിമാർക്കെതിരെയാണെന്നും അതിൽ ഓരോ കേസും ഏതു വിഷയം സംബന്ധിച്ചുള്ളതാണെന്നും, ഓരോ കേസും രജിസ്റ്റർ ചെയ്യപ്പെട്ടത് എന്നാണെന്നും ഓരോ കേസിന്റെയും ഇപ്പോഴത്തെ അന്വേഷണപുരോഗതി എന്താണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പൂജപ്പുര ജയിൽ വളപ്പിലെ മരങ്ങൾ</u>

5050

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര ജയിലിൽ നിന്ന് കഴിഞ്ഞ വർഷം എത്ര മരങ്ങൾ മുറിക്കാൻ അനുമതി നിഷേധിച്ചിട്ടുണ്ട്; അനുമതി നിഷേധിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പൂജപ്പുര ജയിലിൽ ആടുകൾക്ക് തീറ്റയായി നൽകിയതിനാൽ 35 പ്ലാവുകൾ ഉണങ്ങി പോയതിന്റെ അടിസ്ഥാനത്തിൽ ഇതാവർത്തിയ്ക്കാതിരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പൂജപ്പുര സെൻട്രൽ ജയിലിലെ ജയിൽ ചാട്ടം</u>

5051 ശ്രീ. എളമരം കരീം
,, എ. എം. ആരിഫ്
,, എസ്. രാജേന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് കൊടുംകുറ്റവാളി റിപ്പർ ജയാനന്ദനും കൂട്ടാളി പ്രകാശനും ചാടാനിടയായത് സംബന്ധിച്ച് അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഇത്തരം സംഭവങ്ങളുണ്ടാകുന്നത് സംരക്ഷണ ചുമതലയുള്ള ആരുടെയെല്ലാം എന്തെല്ലാം നിലയിലുള്ള സുരക്ഷാ വീഴ്ചകൾ മൂലമായിരുന്നെന്ന് വെളിപ്പെടുത്താമോ;

(സി) ജയിൽ ചാടുന്ന ദൃശ്യങ്ങൾ നിരീക്ഷണ ക്യാമറയിൽ റെക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു; ജയിൽ ചാടാൻ ഉപയോഗിക്കാവുന്ന എന്തെങ്കിലും വസ്തുക്കൾ ജയിൽ ചാട്ടത്തിന് ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജയിൽചട്ടത്തിന് വിരുദ്ധമായി വസ്തുക്കൾ ലഭ്യമായത് എങ്ങനെയെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) പൂജപ്പുര ജയിലിൽ ദിവസവേതനത്തിനും മറ്റ് നിലയിലും താൽക്കാലികമായി നിയോഗിക്കപ്പെട്ടിട്ടുള്ളവരെത്ര; സ്ഥിരം തസ്തികയിലുള്ള എത്ര പേർ 2013 ജനുവരിക്ക് ശേഷം സ്ഥലംമാറ്റപ്പെടുകയുണ്ടായി; ഇതിനെതിരെ ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നുവോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ജയിലുകളിൽ ചപ്പാത്തി, കോഴിക്കറി, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം</u>

5052 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജയിലുകളിലാണ് ചപ്പാത്തി, കോഴിക്കറി, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവ വാണിജ്യ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നത്;

(ബി) പ്രസ്തുത ജയിലുകളിൽ ഇവയുടെ വിപണനത്തിന്റെ പ്രതിമാസ വിറ്റുവരവ് എത്രയാണ്;

(സി) വിപണനം വഴിയുണ്ടാക്കുന്ന ലാഭവിഹിതം എന്ത് ആവശ്യങ്ങൾക്കെല്ലാമാണ് വിനിയോഗിച്ചുവരുന്നത്;

(ഡി) ചപ്പാത്തി, കോഴിക്കറി, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നത് എവിടെ നിന്നാണ്; എന്തെല്ലാം മാനദണ്ഡങ്ങൾ പാലിച്ചാണ് അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നത്;

(ഇ) ചപ്പാത്തി വിൽപ്പനയിൽ ജയിലുകളിൽ സാമ്പത്തിക ക്രമക്കേട് നടക്കുന്നതായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ജയിലുകളിലെ പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റ്

5053

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ എന്തെല്ലാം പ്ലാസ്റ്റിക് റീസൈക്ലിംഗ് നിർമ്മാണ പ്രക്രിയകളാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) പരിസ്ഥിതിയ്ക്ക് യോജിച്ച രീതിയിൽ പ്രസ്തുത നിർമ്മാണ റീസൈക്ലിംഗ് പ്രക്രിയയും, ഉപയോഗവും നടത്താൻ കഴിയുമെന്നതിന് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങളും പഠനറിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) ഇതിനായി എന്തു തുക ചെലവു പ്രതീക്ഷിക്കുന്നു; എന്തു തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇത് മറ്റേതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇതുമൂലം സംസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പുമായി ചേർന്ന് എന്തെങ്കിലും പഠനമോ ആശയ വിനിമയമോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?